**"ഭരണ ഭാഷ – മാതൃഭാഷ"**

## ഇൻഫർമേഷൻ കേരളാ മിഷൻ

സ്വരാജ് ഭവൻ, ഗ്രൌണ്ട് ഫ്ലോർ,കവടിയാർ.പി.ഒ, നന്ദൻകോട് ,തിരുവനന്തപുരം – 695 003

12.07.2017-ന് വൈകുന്നേരം 3.00-ന് തിരുവനന്തപുരം സെക്രട്ടറിയേറ്റ് അനക്സ് ബിൽഡിംഗിൽ തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ ഓഫീസിൽ വച്ച് നടന്ന ഇൻഫർമേഷൻ കേരളാ മിഷൻ സൊസൈറ്റിയുടെ 11–ാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗത്തിന്റെ നടപടിക്കുറിപ്പ്.

**യോഗത്തിൽ പങ്കെടുത്തവർ**

| ക്രമ നമ്പർ | പേര് | സ്ഥാനം |
|---|---|---|
| 1 | ശ്രീ.ടി.കെ.ജോസ്, പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ് | **ചെയർമാൻ** |
| 2 | ശ്രീമതി.കെ.എസ്.ഉഷ, ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ് | **മെമ്പർ** |
| 3 | ശ്രീ.സീറാം സാംബശിവ റാവു, ഡയറക്ടർ, കേരള സ്റ്റേറ്റ് ഇൻഫർമേഷൻ ടെക്നോളജി മിഷൻ | **മെമ്പർ** |
| 4 | ശ്രീ.സീറാം സാംബശിവ റാവു, എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ | **മെമ്പർ സെക്രട്ടറി** |

**അജണ്ട-1**

21.12.2016 –ന് കൂടിയ 10–ാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗത്തിന്റെ മിനിട്ട്സ് അംഗീകരിച്ചു.

**അജണ്ട-2**

**വിഷയം: -21.12.2016 ന് കൂടിയ 10-ാമത് യോഗത്തിന്റെ തീരുമാനങ്ങളിൽ സ്വീകരിച്ച നടപടികൾ സംബന്ധിച്ച്.**

21.12.2016-ന് കൂടിയ എക്സിക്യൂട്ടീവ് കമ്മിറ്റി യോഗത്തിന്റെ തീരുമാനങ്ങളിൽ സ്വീകരിച്ച നടപടികൾ യോഗം ചർച്ച ചെയ്തില്ല.

**അജണ്ട-3**

**വിഷയം: സ്വരാജ് ഭവനിൽ ഐ.കെ.എമ്മിന് അനുവദിച്ച സ്ഥലത്ത് ഇലക്ട്രിഫിക്കേഷൻ വർക്കുകൾ ചെയ്യുന്നതിന് ചീഫ് എഞ്ചിനീയർ,എൽ.എസ്.ജി.ഡിക്ക് 26,47,489.88/- രൂപയും, അഡീഷണൽ വർക്ക് ചെയ്തതിന് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ, പി.ഡബ്ല്യു.ഡിക്ക് 10,86,000/- രൂപയും നൽകുന്നത് സംബന്ധിച്ച്.**

**തീരുമാനം**

അംഗീകരിച്ചു.

**അജണ്ട-4**

**വിഷയം: ഐ.കെ.എമ്മിന്റെ സോഫ്റ്റ്‌വെയർ ആപ്ലിക്കേഷൻ പ്രശ്നങ്ങൾ , സപ്പോർട്ട് എന്നിവ സംബന്ധിച്ച റിപ്പോർട്ട്.**

**തീരുമാനം**

ശ്രദ്ധയിൽപ്പെടുത്തി. ഏറ്റവും പ്രധാനപ്പെട്ട ആപ്ലിക്കേഷനുകളുടെ കഴിഞ്ഞ 6 മാസത്തെ പ്രശ്നങ്ങളുടെ റിപ്പോർട്ട് കൂടി ഉൾപ്പെടുത്തിയ വിശദമായ റിപ്പോർട്ട് അടുത്ത കമ്മിറ്റിയിൽ സമർപ്പിക്കേണ്ടതാണ്.

**അജണ്ട -5a**

**വിഷയം: ഇൻഫർമേഷൻ കേരള മിഷന്റെ പരിവർത്തനം സംബന്ധിച്ച റിപ്പോർട്ട്.**

ഓരോ തസ്തികയ്ക്കും ഉള്ള വിദ്യാഭ്യാസ യോഗ്യതയും പ്രവൃത്തിപരിചയവും ശമ്പളവും State E-governance Mission Team (SEMT) നിർദ്ദേശിച്ചത് ചുവടെ ചേർക്കുന്നു. ഉദ്യോഗാർത്ഥികളെ കരാർ അടിസ്ഥാനത്തിൽ 6 മാസത്തേക്ക് താൽകാലികമായി നിയമിക്കുന്നതിനുള്ള അനുമതിക്കായി. (as Project Staff for 6 months through T.S.P / NICSI / KELTRON etc.)

| തസ്തിക | വിദ്യാഭ്യാസ യോഗ്യത | പ്രവൃത്തിപരിചയം | എണ്ണം | ശമ്പളം (per month) |
|---|---|---|---|---|
| Enterprise Architect | B-Tech /MCA | 15 years Expertise in large enterprise application design | 1 | T.S.P/NICSI/ KELTRON RATE |
| Technical Architect | B-Tech /MCA | 15 years experience in Open source technology expertise | 2 | |

| | | | | |
|---|---|---|---|---|
| Database Experts | B-Tech /MCA | 8 years experience in DB design, tuning, optimisation using MY SQL and Postgres | 2 | T.S.P /NICSI/ KELTRON RATE |
| Senior Developer | B-Tech /MCA / Degree+ PGDCA | 7 years experience using PHP, Angular T S, Postgre | 7 | |
| Quality Manager | B-Tech /MCA | 10 year experience in Implemented TQM | 1 | |
| Business Analyst | B-Tech | 6 year experience | 2 | |

**തീരുമാനം**

അംഗീകരിച്ചു. പ്രതിമാസ അവലോകന റിപ്പോർട്ട് നൽകാനും നിർദ്ദേശിച്ചു. ഐ.കെ.എം ജീവനക്കാർക്കുള്ള പരിശീലനം നൽകുന്ന കൺസൽട്ടന്റിന് per session ന് (1 ½ hours) 1500/- രൂപ നൽകുവാനും തീരുമാനിച്ചു.

**അജണ്ട-5b**

**വിഷയം: ഇ-ടിക്കറ്റിംഗ് ആപ്ലിക്കേഷൻ ഡെവലപ്പ്മെന്റിനും സപ്പോർട്ടിനുമുള്ള പ്രവർത്തന ചെലവുകൾ, നിലവിലുള്ള കൺസൽട്ടന്റ്മാരുടെ കരാർ കാലാവധി ദീർഘിപ്പിക്കൽ എന്നിവ സംബന്ധിച്ച്.**

**തീരുമാനം**

അംഗീകരിച്ചു. കോൺട്രാക്റ്റ് 3 മാസത്തേക്ക് പുതുക്കാൻ തീരുമാനിച്ചു. പ്രതിമാസ അവലോകന റിപ്പോർട്ട് പരിശോധിക്കേണ്ടതാണ്. Technical Support Cum Call centre ലേക്ക് 4 പേരെ കരാർ അടിസ്ഥാനത്തിൽ ഒരു വർഷത്തേക്ക് (as Project Staff for 1 year through T.S.P / NICSI / KELTRON etc.) താൽകാലികമായി 30,000/- രൂപ പ്രതിമാസ ശമ്പളത്തിൽ നിയമിക്കാൻ തീരുമാനിച്ചു.

**അജണ്ട-6**

**വിഷയം:Smart ഗ്രാമപഞ്ചായത്ത് ,Smart മുനിസിപ്പാലിറ്റി എന്നിവയെ തിരഞ്ഞെടുക്കുന്നതിനുള്ള ഐ.കെ.എമ്മിന്റെ പ്രൊപ്പോസൽ സംബന്ധിച്ച്.**

**തീരുമാനം**

പ്രൊപ്പോസൽ എക്സിക്യൂട്ടീവ് കമ്മിറ്റി ശുപാർശയോടുകൂടി സർക്കാരിലേക്ക് അയക്കാൻ തീരുമാനിച്ചു.

**അജണ്ട-7**

**വിഷയം: ഐ.കെ.എമ്മിന്റെ ആവശ്യത്തിലേക്കായി ഹാർഡ്‌വെയറുകൾ ഇ-ടെണ്ടർ മുഖേന വാങ്ങുന്നതിനുള്ള അനുമതി സംബന്ധിച്ച്.**

**തീരുമാനം**

അംഗീകരിച്ചു.

**<u>അജണ്ട-8</u>**

**വിഷയം: ഐ.കെ.എമ്മിന്റെ സോഫ്റ്റ്‌വെയർ ഡെവലപ്പ്മെന്റ് ആവശ്യത്തിലേക്കായി കരാർ അടിസ്ഥാനത്തിൽ ഉദ്യോഗാർത്ഥികളെ നിയമിക്കുന്നത് സംബന്ധിച്ച്.**

**തീരുമാനം**

വിശദമായ റിപ്പോർട്ടോടുകൂടി അടുത്ത എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ സമർപ്പിക്കാൻ നിർദ്ദേശിച്ചു.

**<u>അജണ്ട-9</u>**

**വിഷയം: ഐ.കെ.എമ്മിലെ ജീവനക്കാർക്ക് ട്രയിനിംഗ് നൽകുന്നതിനുള്ള അനുമതി.**

**തീരുമാനം**

അംഗീകരിച്ചു.

**<u>അജണ്ട-10</u>**

**വിഷയം: ഡെപ്യൂട്ടി ഡയറക്ടർ (ടെക്നിക്കൽ)നെ നിയമിക്കുന്നതിനുള്ള Interview board രൂപീകരിക്കുന്നതിനുള്ള അനുമതി.**

**തീരുമാനം**

അംഗീകരിച്ചു. ഡെപ്യൂട്ടി ഡയറക്ടറുടെ ഇൻറർവ്യൂ കഴിഞ്ഞ് നിയമിക്കാൻ എക്സിക്യൂട്ടീവ് ഡയറക്ടറെ ചുമതലപ്പെടുത്തി.

**<u>അജണ്ട-11</u>**

**വിഷയം: ഐ.ടി.മിഷന്റെ പുതിയ കെട്ടിടത്തിന്റെ ( Centre for e-governance) ഒന്നാം നിലയിൽ ഐ.കെ.എമ്മിന് സ്ഥലം അനുവദിക്കുന്നതിന് ഐ.ടി.മിഷനോട് അപേക്ഷിക്കുന്നത് സംബന്ധിച്ച്.**

**തീരുമാനം**

അംഗീകരിച്ചില്ല.

**<u>അജണ്ട-12</u>**

**വിഷയം: ഐ.കെ.എം ഹെഡ്ക്വോട്ടേഴ്സിൽ കമ്പ്യൂട്ടർ കസേര വാങ്ങുന്നതിനുള്ള അനുമതി സംബന്ധിച്ച്.**

**തീരുമാനം**

Open Tender വിളിക്കാൻ തീരുമാനിച്ചു.

**<u>അജണ്ട-13</u>**

**വിഷയം: സ്വരാജ് ഭവനിൽ സി.സി.ടിവി ക്യാമറ സ്ഥാപിക്കുന്നതിനുള്ള അനുമതി സംബന്ധിച്ച്.**

**തീരുമാനം**

സ്വരാജ് ഭവൻ ബിൽഡിംഗിൽ പ്രവർത്തിക്കുന്ന മറ്റ് ഓഫീസുകൾ സി.സി.ടിവി ക്യാമറ സ്ഥാപിക്കുന്നതിന് എത്ര തുക ചെലവഴിക്കും എന്ന് അറിഞ്ഞതിനുശേഷം അടുത്ത എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ സമർപ്പിക്കാൻ നിർദ്ദേശിച്ചു.

**അജണ്ട-14**

**വിഷയം: ഐ.കെ.എമ്മിന്റെ 2014-15 സാമ്പത്തിക വർഷത്തെ ബാലൻസ് ഷീറ്റ് അംഗീകരിക്കുന്നത് സംബന്ധിച്ച്.**

**തീരുമാനം**

അടുത്ത എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ വയ്ക്കാൻ തീരുമാനിച്ചു.

**അജണ്ട-15**

**വിഷയം: ഐ.കെ.എമ്മിന്റെ 2016-2017 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ്, 2017-2018 വർഷത്തെ ബഡ്ജറ്റ് എന്നിവ അംഗീകരിക്കുന്നത് സംബന്ധിച്ച്.**

**തീരുമാനം**

2017 -2018 വർഷത്തെ ബഡ്ജറ്റ് അംഗീകരിച്ചു. 2016-17 വർഷത്തെ യഥാർത്ഥ ചെലവ് സംബന്ധിച്ച സ്റ്റേറ്റ്മെന്റ് അടുത്ത എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ സമർപ്പിക്കാനും, 2016-17 വർഷത്തെ ആഡിറ്റ് ചെയ്യാത്ത കണക്കുകൾ പ്രൻസിപ്പൽ സെക്രട്ടറിക്കും, ധനകാര്യ വകുപ്പിലെ പ്രതിനിധിക്കും നൽകുവാനും നിർദ്ദേശിച്ചു. കൂടാതെ സെപ്റ്റംബർ 2017 നകം 2016-17 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് പൂർത്തീകരിക്കേണ്ടതാണ്.

**അജണ്ട-16**

**വിഷയം: HUDCO യിൽ നിന്നുള്ള ഭവന വായ്പ സൗകര്യം - ഐ.കെ.എം ജീവനക്കാർക്ക് ഉപയോഗപ്പെടുത്തുന്നത് - സംബന്ധിച്ച്**

**തീരുമാനം**

മാറ്റിവച്ചു.

**അജണ്ട-17**

**വിഷയം:മലപ്പുറം ജില്ലയിൽ ജൂനിയർ ടെക്നിക്കൽ ഓഫീസറായ ശ്രീ.എൻ. ശങ്കരനാരായണനും, ഭാര്യ ശ്രീമതി.അശ്വതി ചന്ദ്രൻ, ജൂനിയർ ടെക്നിക്കൽ ഓഫീസർ, മലപ്പുറം എന്നിവർ നൽകുന്ന സ്ഥലംമാറ്റ അപേക്ഷ സംബന്ധിച്ച്.**

**തീരുമാനം**

നടപടി സ്വീകരിക്കാൻ എക്സിക്യൂട്ടീവ് ഡയറക്ടറെ ചുമതലപ്പെടുത്തി.

**അജണ്ട-18**

**വിഷയം: ശ്രീ.ആനന്ദ്.യു.ആർ, സീനിയർ ടെക്നിക്കൽ ഓഫീസർ - ശിക്ഷണ നടപടി സംബന്ധിച്ച്.**

**തീരുമാനം**

അംഗീകരിച്ചു.

**അജണ്ട-19**

**വിഷയം: ഐ.കെ.എമ്മിൽ നിന്നും ഡെപ്യൂട്ടേഷനിൽ സി-ഡിറ്റിലേക്ക് അയച്ച ജീവനക്കാരുടെ ഡെപ്യൂട്ടേഷൻ കാലാവധി പുതുക്കുന്നത് സംബന്ധിച്ച്.**

**തീരുമാനം**

അംഗീകരിച്ചു. കാലാവധി അവസാനിച്ച് കഴിഞ്ഞ് തിരികെ വിളിക്കാൻ തീരുമാനിച്ചു.

**അജണ്ട-20**

**വിഷയം: ഐ.കെ.എമ്മിലെ വികലാംഗരായ ജീവനക്കാർക്ക് കൺവയൻസ് അലവൻസ് വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച്.**

**തീരുമാനം**

അംഗീകരിച്ചു.

**അജണ്ട-21**

**വിഷയം: ശ്രീ.സബീൻ.എസ്, സീനിയർ ടെക്നിക്കൽ ഓഫീസർ, ഐ.കെ.എം ഹെഡ്ക്വാട്ടേഴ്സ്- സർവ്വീസിൽ നിന്നും നീക്കംചെയ്യുന്നതിനുള്ള അനുമതി സംബന്ധിച്ച്.**

**തീരുമാനം**

സർവ്വീസിൽ നിന്നും നീക്കംചെയ്യുന്നത് സംബന്ധിച്ച് പത്രത്തിൽ പരസ്യം നൽകാനും, 30 ദിവസത്തിനകം ജോലിയിൽ പ്രവേശിച്ചില്ലെങ്കിൽ സർവ്വീസിൽ നിന്നും നീക്കം ചെയ്യാനും തീരുമാനിച്ചു.

**അഡീഷണൽ അജണ്ടകൾ**

**അജണ്ട -1**

**വിഷയം: ശ്രീമതി.അഞ്ജു.യു.രവി, ജൂനിയർ ടെക്നിക്കൽ ഓഫീസർ ,പത്തനാപുരം ബ്ലോക്ക് പഞ്ചായത്ത് ,കൊല്ലം ജില്ല ആർജ്ജിത (മെഡിക്കൽ) അവധി അനുവദിക്കുന്നത് സംബന്ധിച്ച്.**

**തീരുമാനം**

അംഗീകരിച്ചു.

**അജണ്ട -2**

**വിഷയം:ശ്രീമതി.സലീന.പി, മാനേജർ, അക്കൌണ്ട്സ് ഡിവിഷൻ, ശൂന്യവേതന(മെഡിക്കൽ) അവധി അനുവദിക്കുന്നത് സംബന്ധിച്ച്.**

**തീരുമാനം**

അംഗീകരിച്ചു.

**അജണ്ട -3**

**വിഷയം:ഐ.കെ.എമ്മിൽ സീനിയർ പ്രോഗ്രാമറായിരുന്ന ശ്രീ.നാരായണൻ നമ്പൂതിരിയെ തിരികെ ജോലിയിൽ പ്രവേശിപ്പിക്കുന്നത് സംബന്ധിച്ച്.**

**തീരുമാനം**

അംഗീകരിച്ചു. ഇ-ഗവേണൻസ് പ്രോജക്ടുകളിൽ കാര്യമായ പ്രവൃത്തി പരിചയവും, സാങ്കേതിക വൈദഗ്ധ്യവുമുള്ളതിനാലാണ് ശ്രീ. നാരായണൻ നമ്പൂതിരിയെ തിരികെ ജോലിയിൽ പ്രവേശിക്കുന്നതിന് അനുമതി നൽകിയത്. ശ്രീ.നാരായണൻ നമ്പൂതിരി ഐ.കെ.എമ്മിൽ നിന്ന് പരിഞ്ഞു പോയ സമയത്തുള്ള തസ്തികയും ശമ്പളവും നൽകാവുന്നതാണ്. പിരിഞ്ഞുപോയ കാലയളവ് ഹാജരില്ലായ്മയായി കണക്കാക്കുന്നതാണ്.

**യോഗം 7.30 ന് അവസാനിച്ചു.**

**എക്സിക്യൂട്ടീവ് ഡയറക്ടർ**
**ഇൻഫർമേഷൻ കേരള മിഷൻ**
**(മെമ്പർ സെക്രട്ടറി)**

17/7/2017

**പ്രിൻസിപ്പൽ സെക്രട്ടറി**
**തദ്ദേശ സ്വയംഭരണ വകുപ്പ്**
**(ചെയർമാൻ)**